ന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ നടപടി

321 (325) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യെ ലാഭത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യുടെ വരവ്ചെലവ് അന്തരം കുറച്ച് ലാഭത്തിലേക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കുകയും പ്രസ്തുത പാക്കേജിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരികയുമാണ്. KTDFC-യിൽ നിന്നുമെടുത്ത വായ്പാതിരിച്ചടവിലേക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFC-യിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശകസ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സി.യെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട 13 ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകി കഴിഞ്ഞു. വായ്പ ഏറ്റെടുക്കൽ നടപടി 2015 ജൂൺ മാസം പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിൽ പൊതുമേഖലാ ബാങ്കുകൾ, KTDFC യിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടിരൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500-ൽ പരം സർവ്വീസുകൾ പുനക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുന്നതിനു തീരുമാനമായിട്ടുണ്ട്. ഇതിൻപ്രകാരം പെൻഷൻ ഇനത്തിലുള്ള കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത പകുതിയായി കുറയ്ക്കാൻ കഴിഞ്ഞു. കെ.എസ്.ആർ.ടി.സി.യുടെ ആസ്തിമൂല്യം പുനർനിർണ്ണയിച്ച് വിപണിമൂല്യം വർദ്ധിപ്പിക്കുകയുണ്ടായി.

(ബി) പെൻഷൻ വിതരണം മുടങ്ങുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2014-ൽ ചേർന്ന ഉന്നതതല യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഉൾപ്പെടുത്തി ചുവടെ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.
2. ഓൺലൈൻ റിസർവ്വേഷൻ സമ്പ്രദായം പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.
3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റ് ദേശസാത്കൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുക.
4. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.
5. പെൻഷൻ വിതരണത്തിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.
6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയായി മാറ്റുക.
7. ആസ്തിമൂല്യം നിർണ്ണയിക്കുക.
8. കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുക.

9. നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനക്രമീകരിക്കുക.

10. മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കുക.

(സി) 1. വരുമാനം കുറഞ്ഞ സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ റൂട്ടുകളിൽ സർവ്വീസ് നടത്തി വരുമാനം വർദ്ധിപ്പിക്കുക.

2. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുക.

3. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റ് ദേശസാൽകൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പ ആക്കി മാറ്റുക. ഇതുവഴി പ്രതിമാസ വായ്പ തിരിച്ചടവ് 50 കോടിയിൽ നിന്നും 15-20 കോടി രൂപയായി കുറയ്ക്കാൻ കഴിയും.

4. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുക.

5. പെൻഷൻ വിതരണത്തിനായി 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിക്കുക.

6. നിലവിലുള്ള സർക്കാർ വായ്പ ഇക്വിറ്റിയായി മാറ്റുക.

7. ആസ്തിമൂല്യം നിർണ്ണയിക്കുക.

(ഡി) 1. ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കാലോചിതമായി പരിഷ്കരിച്ചു.

2. കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിൽ എടുത്ത വായ്പകൾ മറ്റ് ദേശസാൽകൃത ബാങ്കുകളിലെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പയാക്കി മാറ്റുക. ഇതുവഴി പ്രതിമാസ വായ്പ തിരിച്ചടവ് 50 കോടിയിൽനിന്നും 15-20 കോടി രൂപയായി കുറയ്ക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly

3. പാർസൽ/കൊറിയർ സർവ്വീസുകൾ, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എ.റ്റി.എം കൗണ്ടറുകൾ സ്ഥാപിക്കുന്നതിനായി ഡിപ്പോകളിലെ സ്ഥലം വാടകയ്ക്ക് നൽകുക തുടങ്ങിയ പദ്ധതികൾ ആരംഭിച്ച് സർവ്വീസ് ഇതര വരുമാനം വർദ്ധിപ്പിക്കുന്നതാണ്.

4. പെൻഷൻ വിതരണത്തിനായി 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ ഫണ്ട് രൂപീകരിക്കുകയും പ്രസ്തുത ഫണ്ടിലേക്ക് ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി. നിക്ഷേപിക്കുന്ന തുകയ്ക്ക് സമാനമായ തുക സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. പെൻഷൻ ഫണ്ട് രൂപീകരിച്ചതുവഴി പെൻഷൻ ചെലവിനത്തിനുള്ള കെ.എസ്.ആർ.ടി.സി.യുടെ ബാദ്ധ്യത പകുതിയായി കുറയ്ക്കാൻ കഴിഞ്ഞു.

5. സമയബന്ധിതമായി പുതിയ ബസുകൾ നിരത്തിലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുന്നതാണ്.

6. മാനേജ്മെന്റ്തലത്തിൽ പ്രോഫഷണലിസം കൊണ്ടുവരുന്നതിനായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് 40% പേരെ നേരിട്ട് നിയമിക്കാൻ തീരുമാനമെടുക്കുകയുണ്ടായി.

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരുമാനവും ചെലവും

322 (326) <u>ശ്രീ. എളമരം കരീം</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെയും 2015 ജനുവരി 1 മുതൽ മേയ് 31 വരെയുമുള്ള ഓരോ മാസത്തേയും കെ.എസ്.ആർ.ടി.സി.യുടെ വരുമാനവും പ്രതിമാസ ചെലവും സംബന്ധിച്ച വിവരങ്ങൾ നല്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഇപ്പോഴത്തെ ആകെ വായ്പാ ബാദ്ധ്യത എത്രയാണ് ;

(സി) ഈ ബാദ്ധ്യത ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ)

മാസം	വരവ് (രൂപ കോടിയിൽ)	ചെലവ് (രൂപ കോടിയിൽ)
(1)	(2)	(3)
1/2014	156.15	252.89
2/2014	137.82	235.57

LIBRARY ARCHIVES Kerala Legislative Assembly